(ബി) ഈ വർഷം ഇരുപത്തിയഞ്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെന്ന കാര്യത്തിൽ തീരുമാനമൊന്നുമായിട്ടില്ല.

168 (1528) ഒല്ലൂർ തൈക്കാട്ടുശ്ശേരി ആയുർവേദ കോളേജ് ആശുപത്രി ജീവനക്കാരുടെ ശമ്പളം

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ തൈക്കാട്ടുശ്ശേരി ആയുർവേദ കോളേജ് ആശുപത്രി ജീവനക്കാർക്ക് സർക്കാർ നേരിട്ടാണോ ശമ്പളം നൽകുന്നത്; എങ്കിൽ എന്നു മുതൽ;

(ബി) അറ്റൻഡർ നിയമനത്തിന് 1979-ലെ ഉത്തരവനുസരിച്ച് ഏഴാം ക്ലാസ്സ് മതിയോ; ഇത് എന്നുമുതലാണ് എസ്.എസ്.എൽ.സി.യായി ഉയർത്തിയത്;

(സി) ഈ ആശുപത്രിയിലെ 10 അറ്റൻഡർമാർക്ക് എസ്.എസ്. എൽ.സി. ഇല്ല എന്ന പേരിൽ അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റ് ഗ്രേഡ് തുടങ്ങിയവ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 13 വർഷംവരെ സർവ്വീസിലുള്ള 1993-ന് മുൻപ് ജോലിയിൽ പ്രവേശിച്ച ഇവർക്ക് എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എന്തുകൊണ്ടാണ് ഇത് നിഷേധിക്കുന്നത് എന്ന് അറിയുമോ?

<u>ഉത്തരം</u>

(എ) അതെ. 25.03.1996-ലെ ജി.ഒ. (എം.എസ്.) 186/96/ ആ.കു.വ. ഉത്തവ് പ്രകാരമാണ് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നത്.

(ബി) 1979-ലെ കോഴിക്കോട് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് പ്രകാരം നിശ്ചയിച്ച യോഗ്യതയാണ് നിലവിലുള്ളത്. ഇത് പ്രകാരം നേരിട്ടുള്ള നിയമനത്തിന് എസ്.എസ്.എൽ.സി.യും (തത്തുല്യ പരീക്ഷയോ + പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റും പാസ്സായിരിക്കണം. ലാസ്റ്റ് ഗ്രേഡ് സർവെന്റിന്റെ പ്രൊമോഷന് ഏഴാം സ്റ്റാൻഡേർഡും പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന അറ്റൻഡ് ടെസ്റ്റ് പാസ്സായിരിക്കുകയോ, അല്ലാത്തപക്ഷം 5 കൊല്ലത്തെ സർവ്വീസും പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റും പാസ്സായിരിക്കുകയോ വേണം.

(സി) ഉണ്ട്. 25.03.96-ലെ ഉത്തരവിൽ പൂർണ്ണ യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാർക്ക് യോഗ്യത നേടുന്നതുവരെ അടിസ്ഥാന ശമ്പളം മാത്രം നൽകുന്നതാണെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നു.

(ഡി)&(ഇ) ഇക്കാര്യം വിശദമായി പരിശോധിച്ചുവരികയാണ്.

169 (1529) പൊയ്യ സർക്കാർ ആശുപത്രിയുടെ വികസനം

<u>ശ്രീ. യു.എസ്. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly